**പതിമൂന്നാം കേരള നിയമസഭ**

**ഏഴാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത**

**നിയമസഭാ ചോദ്യം നമ്പർ : 3815** | **19.02.2013-ൽ മറുപടിക്ക്.**

## ഗാംഗ് റേപ്പ് കേസ്സുകൾ

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീമതി. ഇ. എസ്. ബിജിമോൾ<br>ശ്രീമതി. ഗീതാഗോപി<br>ശ്രീ. വി. ശശി<br>ശ്രീ. ചിറ്റയം ഗോപകുമാർ | | ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>(ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി) |
| (എ) സ്ത്രീപീഡന കേസ്സുകൾ കൈകാര്യം ചെയ്യുവാൻ ഇപ്പോൾ സംസ്ഥാനത്ത് ഫാസ്റ്റ് ട്രാക്ക് കോടതികൾ ഉണ്ടോ ; ഇല്ലെങ്കിൽ ഫാസ്റ്റ് ട്രാക്ക് കോടതികൾ സ്ഥാപിക്കുവാൻ എന്തൊക്കെ നടപടികൾ സ്വീകരിച്ചു വരുന്നുണ്ടെന്ന് വെളിപ്പെടുത്തുമോ ; | : | (എ) സ്ത്രീകൾക്കും കുട്ടികൾക്കും എതിരെയുള്ള അതിക്രമങ്ങൾ സംബന്ധിച്ച കേസ്സുകൾ കൈകാര്യം ചെയ്യുന്നതിലേയ്ക്കായി എറണാകുളത്ത് ഒരു അഡീഷണൽ ഡിസ്ട്രിക്റ്റ് ആന്റ് സെഷൻസ് കോടതി (ഫാസ്റ്റ്ട്രാക്ക്) സ്ഥാപിച്ചിട്ടുണ്ട്. തിരുവനന്തപുരത്തും കോഴിക്കോടും ഇത്തരം കേസുകൾ കൈകാര്യം ചെയ്യുന്നതിലേയ്ക്കായി ഓരോ ഫാസ്റ്റ്ട്രാക്ക് കോടതികൾ കൂടി സ്ഥാപിക്കാനുള്ള നിർദ്ദേശങ്ങൾ സമർപ്പിക്കാൻ സർക്കാർ ഹൈക്കോടതിയോടാവശ്യപ്പെട്ടിട്ടുണ്ട്. |
| (ബി) സംസ്ഥാനത്ത് ഇപ്പോൾ എത്ര ഗാംഗ് റേപ്പ് കേസ്സുകൾ നിലനിൽക്കുന്നു ; ഇതിൽ വിചാരണയിൽ ഇരിക്കുന്ന കേസ്സുകൾ എത്ര ; അപ്പീൽ കേസ്സുകൾ എത്ര എന്ന് വ്യക്തമാക്കുമോ ? | : | (ബി) സംസ്ഥാനത്ത് നിലവിൽ 65 ഗാംഗ് റേപ്പ് കേസ്സുകൾ ഉണ്ട്. ഇതിൽ വിചാരണ കേസ്സുകൾ 43 ഉം അപ്പീൽ കേസ് ഒന്നുമാണ്. |

സെക്ഷൻ ഓഫീസർ